Sunday
വെർബും ദോമിനി
VERBUM DOMINI
Vol. 14 No. 23 CYCLE - C
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ഏപ്രിൽ 27 **പെസഹാക്കാലം രണ്ടാം ഞായർ**

# കരുണാർദ്രദൈവം

**ഫാ. തോമസ് കളത്തിൽ**



**ഈ** കഴിഞ്ഞ ദിവസങ്ങളിൽ രണ്ട് വ്യക്തികളെ കണ്ടുമുട്ടാൻ ഇടയായി. ഒരാൾ കുടുംബപരമായ ചില കാരണങ്ങളാലും സാമ്പത്തികപ്രശ്നങ്ങൾ കൊണ്ടും സഭ വിട്ടുപോയതായിരുന്നു. എന്നാൽ ഇപ്പോൾ കുടുംബത്തിൽ നിന്നുള്ള എതിർപ്പുകളുണ്ടായിട്ട് കൂടി ആ വ്യക്തി കഴിഞ്ഞ ദിവസം കൂട്ടായ്മയിലേക്ക് തിരിച്ചു വന്നു. മറ്റൊരു വ്യക്തി ഒരു കുർബ്ബാനയ്ക്കുശേഷം എന്നോട് വന്നു പറഞ്ഞു. ഞാനിപ്പോൾ "പള്ളിയിലാണ്." അതു കേട്ടപ്പോൾ ഞാൻ ആലോചിച്ചു: "പള്ളിക്കകത്തു നിൽക്കുന്ന"യാൾ പറഞ്ഞതിൽ എന്താണ് പ്രത്യേകത? അപ്പോൾ അവർ പറഞ്ഞു. വർഷങ്ങളായി വേറൊരു സഭയിൽ അംഗമായിരുന്നു. എന്നാൽ ഒരു വൈദികന്റെ പ്രസംഗം കേട്ട ശേഷം ജീവിതത്തെപ്പറ്റി അവർ ചിന്തിച്ചു. അങ്ങനെ അവർ ആ സഭ വിട്ടു കത്തോലിക്കാസഭയിലേക്ക് ചേർന്നു. ഈ രണ്ടു വ്യക്തികളുടെയും സന്തോഷം ആ സമയത്ത് ഞാൻ ശ്രദ്ധിച്ചു. ഒത്തിരി കടമ്പകൾ കടന്നിട്ട് സഭയെ സ്നേഹത്തോടെ മുറുകെപ്പിടിക്കുന്ന രണ്ട് വ്യക്തികൾ. തുടർന്നും ശക്തമായി നിലകൊള്ളുവാൻ അവരെ ഞാൻ പ്രോത്സാഹിപ്പിച്ചു.

ഉത്ഥാനത്തിനുശേഷം യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുമ്പോൾ അവരുടെ കൂട്ടായ്മയിൽ തോമസ് ഇല്ല. ഇന്നത്തെ സുവിശേഷത്തിൽ നമ്മൾ കേൾക്കുന്നത് അതിനെപ്പറ്റിയാണ്. എല്ലാവരും പേടിച്ച് മറ്റുള്ളവരിൽ നിന്നും അകന്ന് മാറി ജീവിച്ചപ്പോൾ എന്തുകൊണ്ട് തോമസ് മാത്രം പുറത്ത് പോയി എന്നുള്ളത് ഒരു ചോദ്യമായി അവശേഷിക്കുന്നു. ന്യായീകരണങ്ങൾ പലതുമുണ്ടാകാം. എന്നാൽ അതുമൂലം തോമസിന് നഷ്ടമായത് അമൂല്യമായ ഒന്നായിരുന്നു: ഉത്ഥിതനായ യേശുവിനെ കാണുവാൻ അയാൾക്ക് സാധിക്കുന്നില്ല. ഭാഗ്യവശാൽ തോമസ് ഈ കൂട്ടായ്മയിലേക്ക് തിരിച്ചു വരുന്നു. അപ്പോൾ അയാൾക്ക് മുൾപ്പടർപ്പിൽ കുടുങ്ങിയ, വഴിതെറ്റിയ ആടിനെപ്പോലെ, ജന്മാവകാശം നഷ്ടമാക്കിയ ധൂർത്തപുത്രനെപ്പോലെ, ഒത്തിരി "മുറിവുകളുണ്ട്," നഷ്ടമായതിനെപ്പറ്റിയുള്ള വേദനയും നിരാശയുമുണ്ട്. അതുകൊണ്ടാവാം അയാൾ കഠിനഹൃദയനാവുന്നത്: ഏതായാലും തോമസിന് ഭാഗ്യം ലഭിക്കുകയാണ്: അയാൾക്ക് യേശുവിന്റെ ഉത്ഥാനത്തിൽ പങ്കുകാരനാകുവാൻ സാധിക്കുന്നു.

ഇവിടെ മറ്റൊരു നന്മയും നമുക്ക് കാണാം. നിരവധി വിവരണങ്ങളിലൂടെ യേശു ആരെന്നു സുവിശേഷകന്മാർ പറയുവാൻ ശ്രമിച്ചത് ഒറ്റ വാചകത്തിൽ ചുരുക്കുകയാണ് തോമസ്: "എന്റെ കർത്താവേ, എന്റെ ദൈവമേ!" ഉത്ഥിതനായ യേശുവിനെ അനുഭവിക്കുകയും, ദൈവവും കർത്താവുമായി പ്രഘോഷിക്കുകയും ചെയ്യുന്ന ആ വചനഭാഗത്തോടെ, യേശുവിനെപ്പറ്റി കൂടുതലൊന്നും പറയാനില്ല എന്ന രീതിയിൽ യോഹന്നാൻ തന്റെ സുവിശേഷം അവസാനിപ്പിക്കുകയാണ്. അതേ, ഇതിൽ കൂടുതൽ എന്തു പറയാൻ!

നമ്മളും പലപ്പോഴും തോമസിനെ പോലെയാണ്. പ്രതീക്ഷിക്കുന്നത് ലഭിക്കാതെ വരുമ്പോൾ, ജീവിതത്തിൽ നിരാശയും വേദനകളും ഉണ്ടാകുമ്പോൾ, അഹംബോധത്തെ ആരെങ്കിലുമൊക്കെ മുറിപ്പെടുത്തുമ്പോൾ, ദൈവത്തെയും കൂട്ടായ്മയെയും ഉപേക്ഷിക്കാൻ പലപ്പോഴും നാം ശ്രമിക്കാറുണ്ട്. സത്യത്തിൽ അത് വിപരീതഫലമാണ് ഉളവാക്കുക. അവിടെയൊക്കെ നമുക്ക് സമചിത്തത ആവശ്യമാണ്. കൂട്ടായ്മയിലായിരിക്കുമ്പോൾ മാത്രമേ നമുക്ക് യേശുവിൽ ശക്തരാകുവാൻ സാധിക്കുകയുള്ളൂ. അപ്പോൾ മാത്രമേ പരിശുദ്ധാത്മാവിന്റെ നിറവിൽ മുന്നോട്ടു പോകാൻ കഴിയൂ. അത്തരം അമൂല്യാവസരങ്ങളെ നമുക്ക് നഷ്ടപ്പെടുത്താതിരിക്കാം.

തുടക്കത്തിൽ സൂചിപ്പിച്ച വ്യക്തികളെപ്പോലെ, തോമസിനെപ്പോലെ ഏതെങ്കിലും കാരണത്താൽ സ്നേഹത്തിൽനിന്നും, ദൈവത്തിൽനിന്നും അകന്നുപോയാൽ കരുണ നിറഞ്ഞ ദൈവഹൃത്തിലേയ്ക്ക് മടങ്ങി വരുവാൻ ലഭിക്കുന്ന അവസരങ്ങളെ ഒരിക്കലും നഷ്ടപ്പെടുത്താതിരിക്കാം. അതുവഴി നന്മയിലും ദൈവാത്മാവിലും ശക്തിപ്പെടുവാനും, ഹൃദയത്തിൽ തൊട്ടറിഞ്ഞ ദൈവത്തെ കരുണാർദ്രതയോടെ മറ്റുള്ളവർക്ക് പകർന്നു നൽകാനും നമുക്ക് സാധിക്കട്ടെ.

## ആമുഖം

പ്രിയമുള്ളവരെ, യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാരുടെ മധ്യേ യേശുനാഥൻ വന്ന് "നിങ്ങൾക്ക് സമാധാനം" എന്ന് ആശംസിക്കുകയും, പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ എന്നു പറഞ്ഞ് അവരുടെ മേൽ നിശ്വസിക്കുകയും, അവർക്ക് പാപമോചനാധികാരം നൽകുകയും ചെയ്യുന്നതാണ് ഇന്നത്തെ സുവിശേഷത്തിലൂടെ നാം ധ്യാനിക്കുന്നത്. യഹൂദരെ പേടിച്ച് വാതിലടച്ച് അകത്തിരുന്ന ശിഷ്യന്മാർക്ക് ധൈര്യം നൽകുകയാണ് യേശുനാഥൻ. അവർ തനിച്ചല്ല, ത്രിയേക ദൈവത്തിന്റെ സാന്നിദ്ധ്യം അവരോടുകൂടെ എപ്പോഴുമുണ്ടെന്ന ബോധ്യമാണ് യേശു ശിഷ്യന്മാർക്ക് നൽകുന്നത്. പിതാവായ ദൈവത്തിലൂടെ പുത്രന് കിട്ടിയ എല്ലാ അനുഗ്രഹങ്ങളും അവിടുന്ന് അവർക്ക് പകർന്നു നൽകുകയാണ്. ശിഷ്യന്മാർക്ക് ലഭിച്ച ഈ അനുഗ്രഹങ്ങൾ ഓരോ കൂദാശകളിലൂടെയും നമ്മളും അനുഭവിച്ചുകൊണ്ടിരിക്കയാണ്. നമുക്ക് ലഭിക്കുന്ന ഈ കൃപകൾ നമ്മിൽ മാത്രം ഒതുക്കി നിർത്താതെ, നന്മ പ്രവൃത്തികളിലൂടെ മറ്റുള്ളവർക്കും പകർന്നു നൽകാം. "എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന തോമസ് അപ്പോസ്തലന്റെ വിശ്വാസ പ്രഖ്യാപനം നമ്മുടെ അധരങ്ങളിലും എപ്പോഴും ഉണ്ടായിരിക്കട്ടെ. ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം എന്നും നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും അനുഭവിക്കാനുള്ള കൃപാവരങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ഈ ബലി നമുക്ക് ആരംഭിക്കാം.

## ഒന്നാം വായന

### അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽനിന്ന് (5 : 12-16)

*(കർത്താവിൽ വിശ്വസിച്ച പുരുഷൻമാരുടെയും സ്ത്രീകളുടെയും സംഖ്യ വർധിച്ചുകൊണ്ടേയിരുന്നു)*

അപ്പസ്തോലൻമാരുടെ കരങ്ങൾവഴി ജനമധ്യത്തിൽ വളരെ അടയാളങ്ങളും അദ്ഭുതങ്ങളും സംഭവിച്ചുകൊണ്ടിരുന്നു. അവർ ഏകമനസ്സോടെ സോളമന്റെ മണ്ഡപത്തിൽ ഒന്നിച്ചുകൂടുക പതിവായിരുന്നു. മറ്റുള്ളവരിൽ ആരുംതന്നെ അവരോടുചേരാൻ ധൈര്യപ്പെട്ടില്ല. എന്നാൽ, ജനം അവരെ ബഹുമാനിച്ചുപോന്നു. കർത്താവിൽ വിശ്വസിച്ച പുരുഷൻമാരുടെയും സ്ത്രീകളുടെയും സംഖ്യ വർധിച്ചുകൊണ്ടേയിരുന്നു. അവർ രോഗികളെ തെരുവീഥികളിൽകൊണ്ടുവന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നു പോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെ മേൽ പതിക്കുന്നതിനുവേണ്ടിയായിരുന്നു അത്. അശുദ്ധാത്മാക്കൾ ബാധിച്ചിരുന്നവരെയും രോഗികളെയും വഹിച്ചുകൊണ്ട് ജനം ജറുസലെമിനു ചുറ്റുമുള്ള പട്ടണങ്ങളിൽനിന്നു വന്നിരുന്നു. എല്ലാവർക്കും രോഗശാന്തി ലഭിച്ചു.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (118 : 2-4, 22-24, 25-27a)

### കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ; അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു.

അവിടുത്തെ കാരുണ്യം ശാശ്വതമാണെന്ന് ഇസ്രായേൽ പറയട്ടെ! അവിടുത്തെ കാരുണ്യം ശാശ്വതമാണെന്ന് അഹറോന്റെ ഭവനം പറയട്ടെ! അവിടുത്തെ കാരുണ്യം ശാശ്വതമാണെന്ന് കർത്താവിന്റെ ഭക്തൻമാർ പറയട്ടെ!

**കർത്താവിനു കൃതജ്ഞത .....**

പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്; ഇതു നമ്മുടെ ദൃഷ്ടിയിൽ വിസ്മയാവഹമായിരിക്കുന്നു. കർത്താവ് ഒരുക്കിയ ദിവസമാണിന്ന്; ഇന്നു സന്തോഷിച്ചുല്ലസിക്കാം.

**കർത്താവിനു കൃതജ്ഞത .....**

കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങളെ രക്ഷിക്കണമേ! കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങൾക്കു വിജയം നൽകണമേ! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ; ഞങ്ങൾ കർത്താവിന്റെ ആലയത്തിൽ നിന്നു നിങ്ങളെ ആശീർവദിക്കും. കർത്താവാണു ദൈവം; അവിടുന്നാണു നമുക്കു പ്രകാശം നൽകിയത്.

**കർത്താവിനു കൃതജ്ഞത .....**

## രണ്ടാം വായന

### വെളിപാടിന്റെ പുസ്തകത്തിൽനിന്ന് (1 : 9-11a, 12-13, 17-19)

*(ഞാൻ മരിച്ചവനായിരുന്നു; എന്നാൽ, ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു)*

നിങ്ങളുടെ സഹോദരനും, പീഡകളിലും രാജ്യത്തിലും ക്ഷമാപൂർവമായ സഹനത്തിലും യേശുവിൽ നിങ്ങളോടൊപ്പം പങ്കുചേർന്നവനുമായ യോഹന്നാനായ ഞാൻ ദൈവവചനത്തെയും യേശുവിനെക്കുറിച്ചു നൽകിയ സാക്ഷ്യത്തെയും പ്രതി, പാത്മോസ് എന്ന ദ്വീപിലായിരുന്നു. കർത്താവിന്റെ ദിനത്തിൽ ഞാൻ ആത്മാവിൽ ലയിച്ചിരിക്കേ, കാഹളത്തിന്റേതുപോലുള്ള ഒരു വലിയ സ്വരം എന്റെ പിറകിൽനിന്നു കേട്ടു: നീ കാണുന്നത് ഒരു ഗ്രന്ഥത്തിൽ എഴുതി എഫേസോസ്, സ്മിർണാ, പെർഗാമോസ്, തിയത്തീറ, സാർദീസ്, ഫിലദെൽഫിയാ, ലവൊദീക്യ എന്നീ ഏഴു സ്ഥലങ്ങളിലെ സഭകൾക്കും അയച്ചുകൊടുക്കുക.

എന്നോടു സംസാരിച്ച സ്വരം ശ്രദ്ധിക്കാൻ തിരിഞ്ഞു നോക്കിയപ്പോൾ സ്വർണ നിർമിതമായ ഏഴു ദീപപീഠങ്ങൾ ഞാൻ കണ്ടു. ദീപപീഠങ്ങളുടെ മധ്യേ മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ! അവനു പാദം വരെ നീണ്ടുകിടക്കുന്ന മേലങ്കി; മാറോടടുത്തു സ്വർണം കൊണ്ടുള്ള ഇടക്കച്ച. അവനെ കണ്ടപ്പോൾ ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു. അപ്പോൾ അവൻ വലത്തുകൈ എന്റെ മേൽ വച്ചുകൊണ്ടു പറഞ്ഞു: ഭയപ്പെടേണ്ടാ, ഞാനാണ് ആദിയും അന്തവും, ജീവിക്കുന്നവനും. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ, ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ എന്റെ കൈയിലുണ്ട്. അതുകൊണ്ട്, ഇപ്പോൾ ഉള്ളവയും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയുമായി നീ ദർശനത്തിൽ കാണുന്ന സകലതും രേഖപ്പെടുത്തുക.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Jn. 20 : 29) തോമ്മാ, നീ എന്നെ കണ്ടതു കൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്ന വർ ഭാഗ്യവാൻമാർ - അല്ലേലൂയാ!

## സുവിശേഷം

### യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (20 : 19-31)

*(എട്ടു ദിവസങ്ങൾക്കുശേഷം യേശു വീണ്ടും വന്നു)*

ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യൻ മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവി നെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു. യേശു വീണ്ടും അവ രോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവ രോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമി ക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.

പന്ത്രണ്ടുപേരിലൊരുവനും ദിദിമോസ് എന്നു വിളിക്ക പ്പെടുന്നവനുമായ തോമസ് യേശു വന്നപ്പോൾ അവരോ ടുകൂടെ ഉണ്ടായിരുന്നില്ല. അതുകൊണ്ടു മറ്റു ശിഷ്യൻ മാർ അവനോടു പറഞ്ഞു: ഞങ്ങൾ കർത്താവിനെ കണ്ടു. എന്നാൽ, അവൻ പറഞ്ഞു: അവന്റെ കൈകളിൽ ആണി കളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വ സിക്കുകയില്ല. എട്ടു ദിവസങ്ങൾക്കുശേഷം വീണ്ടും അവന്റെ ശിഷ്യൻമാർ വീട്ടിൽ ആയിരുന്നപ്പോൾ തോമസും അവരോടു കൂടെയുണ്ടായിരുന്നു. വാതിലുകൾ അടച്ചി രുന്നു. യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! അവൻ തോമസിനോടു പറഞ്ഞു: നിന്റെ വിരൽ ഇവിടെ കൊണ്ടു വരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർ ശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസി യായിരിക്കുക. തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ! യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ.

ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാള ങ്ങളും യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തി ച്ചു. എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത്, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതി നുംവേണ്ടിയാണ്.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ :** പ്രിയ സഹോദരരെ, ദൈവ കരുണയുടെ തിരുനാൾ ആഘോഷിക്കുന്ന നമുക്ക് വിശ്വാസപൂർവ്വം നമ്മുടെ എല്ലാ നിയോഗങ്ങളും കാരുണ്യവാനായ ദൈവ ത്തിന്റെ സന്നിധിയിൽ സമർപ്പിക്കാം.

1. കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ രൂപതാദ്ധ്യ ക്ഷൻ ....................... പിതാവിനെയും, മറ്റെല്ലാ മെത്രാ ന്മാരെയും, വൈദീകരെയും, സന്യസ്തരെയും അങ്ങെ കരങ്ങളിൽ സമർപ്പിക്കുന്നു. ദൈവഹിതം തിരിച്ചറിഞ്ഞ്, കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് സുദൃഢമായ തീരുമാനങ്ങളിലൂടെയും, അനുകരണീയ മായ ജീവിത മാതൃകയിലൂടെയും സഭയെ വിശുദ്ധിയിലേ യ്ക്ക് നയിക്കുവാൻ ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹത്തിന്റെ വറ്റാത്ത ഉറവയായ ദൈവമേ, ദൈവ കരുണയുടെ തിരുനാൾ ആഘോഷിക്കുന്ന ഈ പുണ്യ ദിനത്തിൽ ഞങ്ങളെ ഓരോരുത്തരെയും സമർപ്പിക്കു ന്നു. മാനുഷിക ബലഹീനതയാൽ വന്നുപോയ വീഴ്ച കളെയോർത്ത് ആത്മാർത്ഥമായി അനുതപിക്കുവാനും, ദൈവകരുണ ആവോളം ആസ്വദിച്ചുകൊണ്ട് അങ്ങെ കരുണയുടെയും, കരുതലിന്റെയും മുഖങ്ങളായി മാറു വാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ദൈവമേ, "അവിശ്വാസിയാകാതെ വിശ്വാസിയായിരി ക്കുക" എന്ന് ഉദ്ഘോഷിച്ചുകൊണ്ട് വിശ്വാസത്തിന്റെ ആഴം ഞങ്ങൾക്ക് മനസ്സിലാക്കി തന്ന അങ്ങെ തിരുക്കു മാരന്റെ സംരക്ഷണത്തിനായി എല്ലാ കുടുംബങ്ങളെയും സമർപ്പിക്കുന്നു. യേശു ദൈവപുത്രനായ ക്രിസ്തുവാ ണെന്നും, അവിടുന്നാണ് ഏക രക്ഷകൻ എന്ന ബോധ്യ ത്തിൽ ജീവിക്കുവാനും, ക്രൈസ്തവമൂല്യങ്ങൾക്കനു സൃതമായി തങ്ങളുടെ മക്കളെ വളർത്തിക്കൊണ്ടുവരു വാനും ഓരോ മാതാപിതാക്കളെയും അനുഗ്രഹിക്കണ മെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സ്നേഹ പിതാവേ, സ്വന്തമായി ഒരു ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ യത്നിക്കുന്ന എല്ലാ മക്കളിലേയ് ക്കും, കടബാധ്യതയാലും മറ്റ് കാരണങ്ങളാലും സർവ്വ തും നഷ്ടപ്പെട്ടേക്കാമെന്ന അവസ്ഥയിൽ എന്തു ചെയ്യണ മെന്നറിയാതെ വിഷമിക്കുന്ന ഓരോ മക്കളിലേയ്ക്കും അങ്ങ് ഇറങ്ങിച്ചെല്ലണമെ. അവരുടെ മുന്നിലുള്ള എല്ലാ തടസ്സങ്ങളെയും നീക്കിക്കൊണ്ടും, കടബാധ്യതകളിൽ നിന്ന് മോചനം നൽകിക്കൊണ്ടും അവരെ സമാശ്വസി പ്പിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവന്റെ ഉറവിടമായ ദൈവമേ, മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത അങ്ങെ തിരുക്കുമാരന്റെ കാരുണ്യാ തിരേകത്താൽ നിത്യതയിലേയ്ക്ക് എടുക്കപ്പെട്ട പരി ശുദ്ധ ഫ്രാൻസിസ് പാപ്പയ്ക്കും മരണമടഞ്ഞ സകല വിശ്വാസികൾക്കും നിത്യജീവൻ പ്രദാനം ചെയ്യണമെ ന്നും, അങ്ങ് ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ വിരുന്നിലേക്ക് അവരെ പ്രവേശിപ്പിക്കുവാൻ കനിവുണ്ടാകണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ :** ദൈവമേ, ഉത്ഥിതനായ അങ്ങെ പ്രിയ പുത്രന്റെ മഹത്വത്താൽ പാപികളും ബലഹീനരുമായ ഞങ്ങളെ നവീകരിക്കുകയും, സത്യവിശ്വാസത്തിൽ നില നിൽക്കുവാൻ ശക്തരാക്കുകയും ചെയ്യണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : **സി. അൽഫോൻസ മെർലിൻ OFHS**

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

അൽഫയും ഒമേഗയും
ആദിയും അന്തവും
അവനേക ദൈവം പരമോന്നതൻ
അവനേക ദൈവം പരിപൂജിതൻ (2)
പാടുവിൻ സ്തുതി പാടുവിൻ
ചേരുവിൻ അണി ചേരുവിൻ
ലോകമെങ്ങും ദിവ്യ സാക്ഷ്യമേകുവാൻ
പോകുവിൻ പോകുവിൻ (അൽഫയും...........)

പറുദീസയും സുരജീവനും
മാനവനേകി അണഞ്ഞവൻ
കരുണാർദ്രമായ് ദിവ്യസ്നേഹമായ്
ഭൂതലമാകെ നിറഞ്ഞവൻ
സർവ്വാധിപനാം നായകൻ
സകലത്തിനും പരിപാലകൻ
തിരുനാമം വാഴ്ത്തുവിൻ (പാടുവിൻ...........)

### കാഴ്ചവയ്പ് ഗാനം

കൈകളിൽ ഇത്തിരി പൂക്കളുമായ്
കരളിൽ ഒത്തിരി കണ്ണീരുമായ്
ഒരുമിച്ചു ഞങ്ങൾ കാഴ്ച്ചയണയ്ക്കുന്നു
കരുണാമയൻ ഇതു കൈക്കൊള്ളുമോ
(കൈകളിൽ.......)

ആബേൽ നൽകിയ ബലിപോലെ ഞങ്ങളും
ആത്മാവു ദാനമായ് നൽകുമല്ലോ (2)
കനിവോടെ കൈകൊള്ളൂ വരമിന്നു നൽകീടൂ
കദനങ്ങൾ ഒഴിഞ്ഞീടാൻ കൃപയേകീടൂ
(കൈകളിൽ.......)

### ദിവ്യകാരുണ്യ ഗാനം

ദിവ്യകാരുണ്യമേ ബലിവേദിയിൽ
ഞങ്ങൾക്കായ് മുറിയും അപ്പമാണു നീ (2)
ജീവൻ സമൃദ്ധമായ് ഉണ്ടാകുവാൻ
നീ എന്നും മുറിക്കപ്പെടുന്നു (2)
സ്വയമേ ശൂന്യമാക്കുന്നു (ദിവ്യകാരുണ്യമേ.......)

മേശയ്ക്കു ചുറ്റും ഒരുമിച്ചു കൂട്ടുന്ന
സ്നേഹ വിരുന്നാണു നീ (2)
ഭിന്നതകൾ മറന്നൊന്നുചേരാൻ
കൂട്ടായ്മയിൽ വളർന്നീടാൻ
ഐക്യത്തിൽ ഞങ്ങൾ പുലരാൻ തുണയ്ക്കും
പങ്കുവയ്പനുഭവം നൽകിയാലും (2)
(ദിവ്യകാരുണ്യമേ.......)

അനുരഞ്ജനത്തിന്റെ വരദാനമേകുന്ന
കൂദാശയർപ്പണമല്ലോ (2)
ശത്രുതകൾ അകന്നൊന്നു ചേരാൻ
രമ്യതയിൽ തഴച്ചീടാൻ
സ്വർഗ്ഗത്തിൽ ഞങ്ങൾ വാഴാൻ തുണയ്ക്കും
ബലിദാന ചൈതന്യമേകിയാലും (2)
(ദിവ്യകാരുണ്യമേ.......)

| Apr/ May | വിശുദ്ധർ | വായനകൾ |
|---|---|---|
| 28 Mon | St. Peter Chanel | Act 4: 23-31/ Ps 2: 1-3. 4-6. 7-9/ Jn 3: 1-8 |
| 29 Tue | St. Catharine of Siena | Act 4: 32-37/ Ps 93: 1ab. 1c-2. 5/ Jn 3: 7b-15 |
| 30 Wed | St. Pius V, Pope | Act 5: 17-26/ Ps 34: 2-3. 4-5. 6-7. 8-9/ Jn 3: 16-21 |
| 01 Thu | St. Joseph the Worker | Act 5: 27-33/ Ps 34: 2 and 9. 17-18. 19-20/ Jn 3: 31-36. |
| 02 Fri | St. Athanasius | Act 5: 34-42/ Ps 27: 1. 4. 13-14/ Jn 6: 1-15 |
| 03 Sat | Sts. Philip and James, Apostles | 1 Cor 15: 1-8/ Ps 19: 2-3. 4-5/ Jn 14: 6-14 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ
**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.